# വാചാ സേവനത്തിനൊപ്പം മനസ്സാ സേവനത്തെയും ശീലമാക്കൂ, ശുഭഭാവനാ സമ്പന്നരാകൂ

ഇന്ന് നവ വിശ്വ നിർമ്മാതാവ്, വിശ്വത്തിന്റെ ബാബ തന്റെ സമീപത്തുള്ള സാഥികൾ അഥവാ നവ-നിർമ്മാണം ചെയ്യുന്ന കുട്ടികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു, താങ്കൾ സർവ്വ കുട്ടികളും ബാബയുടെ നവ നിർമ്മാണം ചെയ്യുന്ന കാര്യത്തിൽ സമീപ സംബന്ധികളാണ്, വിശ്വ നവ നിർമ്മാണത്തിന്റെ കാര്യത്തിൽ പ്രകൃതിയും സഹയോഗിയായി മാറുന്നു, വർത്തമാന സമയത്തെ പ്രശസ്തരായ ശാസ്ത്രജ്ഞരായ കുട്ടികളും സഹയോഗിയായി തീരുന്നു എന്നാൽ നിങ്ങൾ സർവ്വരും സമീപത്തുള്ള സാഥിയാണ്. സർവ്വ കുട്ടികളുടെയും ഈ ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷ കർത്തവ്യം അഥവാ സേവനമെന്താണ്? രാപകൽ സേവനത്തിന്റെ ഉണർവ്വിലും ഉത്സാഹത്തിലും പറന്നു കൊണ്ടിരിക്കുന്നു. ഏത് കാര്യത്തിന് വേണ്ടി? വിശ്വത്തെ പനവീകരിക്കുന്നതിന് വേണ്ടി. ലോകത്തിലുള്ളവർ പുതു വർഷം ആഘോഷിക്കുന്നു എന്നാൽ നിങ്ങളുടെ ഹൃദയത്തിൽ ഈ ലഹരിയുണ്ട്- ഈ വിശ്വത്തെ നവീകരിക്കുന്നതിലൂടെ, സർവ്വ കാര്യങ്ങളും പുതിയതാകണം. മനുഷ്യാത്മാക്കളും, പ്രകൃതിയും സതോപ്രധാനവും പുതിയതുമാകണം. പഴയ ലോകത്തെ കാണുന്നുണ്ടല്ലോ... നാനാ ഭാഗത്തും നിലവിളിയാണ്. അതിനാൽ നിലവിളിയുടെ ലോകത്തിൽ നിന്നും ജയാരവത്തിന്റെ ലോകം സ്ഥാപിച്ചു കൊണ്ടിരിക്കുന്നു, അതിൽ ഓരോ നിമിഷവും. ഓരോ കർമ്മവും, ഓരോ വസ്തുവും പുതിയതായി മാറും. അല്ലെങ്കിലും ഓരോ വ്യക്തിക്കും സർവ്വതും പുതിയത് തന്നെയാണ് ഇഷ്ടപ്പെടുന്നത്. പഴയ വസ്തുക്കൾ ഇഷ്ടപ്പെടുന്നുണ്ടെങ്കിലും അത് ഓർമ്മയ്ക്ക് മാത്രമായിട്ടാണ്, ഉപയോഗിക്കുന്നതിന് ഇഷ്ടപ്പെടുന്നില്ല. കേവലം മ്യൂസിയത്തിൽ സ്മരണയ്ക്കായി വയ്ക്കുന്നു എന്നാൽ പുതിയ വസ്തു സർവ്വർക്കും ഇഷ്ടപ്പെടുന്നു. ഈ സമയത്ത് നിങ്ങൾ ബ്രാഹ്മണാത്മാക്കൾ പഴയ ലോകത്തിലിരുന്ന് കൊണ്ടും പുതിയ ലോകത്തിലാണ്. മറ്റാത്മാക്കൾ പഴയ ലോകത്തിലാണ് എന്നാൽ നിങ്ങൾ എവിടെയാണ്? നിങ്ങൾ പുതിയ യുഗം സംഗമത്തിൽ വസിക്കുന്നു. പഴയ ജീവിതം സമാപ്തമായി, ഇപ്പോൾ പുതിയ ബ്രാഹ്മണ ജീവിതത്തിലാണ്. ലോകത്തിലുള്ളവർ ഒരു വർഷം പുതു വർഷമായി ആഘോഷിക്കുന്നു എന്നാൽ നിങ്ങളുടേത് പുതിയ യുഗമാണ്, പുതിയ ജീവിതമാണ്, ഓരോ കർമ്മവും, ഓരോ നിമിഷവും പുതിയതാണ്. നിങ്ങൾ സംഗമത്തിലാണ്. ഒരു ഭാഗത്ത് പഴയ ലോകം, മറു ഭാഗത്ത് പുതിയ ലോകത്തെ കണ്ടു കൊണ്ടിരിക്കുന്നു. അതിനാൽ ബുദ്ധി ഏത് ഭാഗത്തേക്ക് പോകുന്നു? പുതിയതിലേക്കാണോ അതോ ഇടയ്ക്കിടയ്ക്ക് പഴയ ലോകത്തിലേക്ക് പോകുന്നുണ്ടോ? പഴയ ലോകം ഇഷ്ടപ്പെടുന്നുണ്ടോ? ഇഷ്ടപ്പെടാത്ത വസ്തുവിന്റെ നേർക്ക് ബുദ്ധി എന്ത് കൊണ്ട് പോകുന്നു? പഴയ ലോകത്തിൽ ദുഃഖം, അശാന്തി, പരവശത അനുഭവിച്ചു അതോ ഇപ്പോഴും ഇനിയും കുറച്ച് അനുഭവിക്കണോ?

ഇന്ന് മിലനം നടത്താനും ആഘോഷിക്കാനുമാണ് വന്നിരിക്കുന്നത്. നിങ്ങൾ സർവ്വരും ദൂര ദേശത്ത് നിന്ന് പുതു വർഷം ആഘോഷിക്കാൻ എത്തി ചേർന്നിരിക്കുന്നു. അതിനാൽ പുതു വർഷത്തിന് വേണ്ടി, സ്വയത്തിന് വേണ്ടി, വിശ്വ സേവനത്തിനായി തന്റെ സമീപ സാഥികൾക്ക് വേണ്ടി, പ്രകൃതിക്ക് വേണ്ടി, തന്റെ ദൂരെയുള്ള പരിവാരത്തിന് വേണ്ടി എന്ത് ചിന്തിച്ചു? പുതു വർഷത്തിൽ പുതിയതായി എന്ത് ചെയ്യും? കേവലം സ്വയത്തിന് വേണ്ടി മാത്രമല്ലല്ലോ ചിന്തിക്കേണ്ടത്. പരിധിയില്ലാത്ത ബാബയുടെ കുട്ടികൾ നിങ്ങളും പരിധിയില്ലാത്തതാണ്. അതിനാൽ സർവ്വരെ കുറിച്ചും ചിന്തിക്കില്ലേ, കാരണം ഈ സമയത്ത് ബാപ്ദാദയോടൊപ്പം നിങ്ങൾ സർവ്വർക്കും ഉത്തരവാദിത്വമുണ്ട്. ബാബ ചെയ്യിക്കുന്നവനാണ് എന്നാൽ ചെയ്യുന്നതിന് നിമിത്തം നിങ്ങളല്ലേ.

ബാപ്ദാദ രണ്ട് വർഷം മുമ്പ്- പുതു വർഷത്തിൽ എന്ത് നവീനതയാണ് കൊണ്ട് വരേണ്ടതെന്നുള്ള നിർദ്ദേശം നല്കിയിരുന്നു. ഇടയ്ക്ക് ഒരു വർഷം എക്സ്ട്രാ ലഭിച്ചു. അതിനാൽ ഇന്ന് അമൃതവേളയിൽ ബാപ്ദാദ കണ്ടു കൊണ്ടിരിക്കുകയായിരുന്നു- ഓരോ കുട്ടിയും സ്വയത്തിൽ എത്രത്തോളം നവീനത കൊണ്ടു വന്നു? മനസ്സാ, വാചാ, കർമ്മണാ എന്ത് നവീനത കൊണ്ടു വന്നു, സേവനത്തിന്റെ സമ്പർക്കത്തിൽ എന്ത് നവീനത കൊണ്ടു വന്നു? കഴിഞ്ഞ വർഷം വച്ച മനസ്സാ ചാർട്ട് എന്താണ്? അങ്ങനെ സർവ്വ കാര്യങ്ങളുടെയും ചാർട്ട് ചെക്ക് ചെയ്യൂ. നവീനത അർത്ഥം വിശേഷത. സർവ്വ കാര്യങ്ങളിലും വിശേഷത കൊണ്ടു വന്നോ? മനസ്സാ വിശേഷത പറക്കുന്ന കലയുടെ കണക്ക് വച്ച് നോക്കുമ്പോൾ എങ്ങനെയുണ്ട്? പറക്കുന്ന കലയിലുള്ളവരുടെ വിശേഷത അർത്ഥം സദാ ഓരോ ആത്മാവിനെ പ്രതിയും സ്വതവേ ശുഭ

ഭാവന ശുഭ കാമനയുടെ ശുദ്ധമായ വൈബ്രേഷൻ സ്വയത്തിനും മറ്റുള്ളവർക്കും അനുഭവപ്പെടണം അർത്ഥം മനസ്സ് കൊണ്ട് സദാ സർവ്വാത്മാക്കളെ പ്രതി സ്വതവേ ആശീർവാദങ്ങൾ വന്നു കൊണ്ടിരിക്കണം. മനസ്സ് സദാ ഇതേ സേവനത്തിൽ ബിസിയായിട്ടിരിക്കണം. ഏതു പോലെ വാചാ സേവനത്തിൽ സദാ ബിസിയായിട്ടരിക്കുന്നതിന്റെ അനുഭവിയായി. സേവനം ലഭിക്കുന്നില്ലായെങ്കിൽ സ്വയം ശൂന്യമാണെന്ന അനുഭവം ഉണ്ടാകുന്നു. അതേപോലെ സദാ വാണിയോടൊപ്പം മനസ്സാ സേവനവും സ്വതവേ നടക്കണം. വാചാ സേവനത്തിനായി വളരെ നല്ല പ്ലാനുകൾ ഉണ്ടാക്കുന്നു. ഈ സമ്മേളനം ചെയ്യും, ദേശീയ തലത്തിൽ ചെയ്യും, അന്താരാഷ്ട്രീയ തലത്തിൽ ചെയ്യും, വിഭാഗങ്ങളായി ചെയ്യും. വാചാ സേവനത്തിൽ സ്വയത്തെ ബിസിയാക്കി വയ്ക്കുന്നതിന് ഒന്നിന് പിന്നിൽ അടുത്ത പ്ലാൻ ആദ്യമേ തന്നെ ചിന്തിക്കുന്നു, ഇതിൽ ബിസിയായിരിക്കാൻ പഠിച്ചു. ഭൂരിപക്ഷം പേരും നല്ല ഉത്സാഹത്തിൽ ഈ സേവനത്തിൽ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. ബിസിയായിട്ടിരിക്കാനുള്ള വിധി മനസ്സിലാക്കി. എന്നാൽ മനസ്സാ സേവനത്തിലും ബിസിയായിട്ടിരിക്കണം– ഇതിൽ ന്യൂനപക്ഷമാണ്, ഭൂരിപക്ഷമില്ല. അങ്ങനെയുള്ള കാര്യം എന്തെങ്കിലും മുന്നിൽ വരുമ്പോൾ ആ സമയത്ത് വിശേഷിച്ച് മനസ്സാ സേവനത്തിന്റെ സ്മൃതി വരുന്നു. എന്നാൽ നിരന്തരം ഏതു പോലെ വാചാ സേവനം സ്വാഭാവികമായോ, അതേപോലെ മനസ്സാ സേവനവും ഒപ്പത്തിനൊപ്പം നാച്ചുറലാകണം. ഈ വിശേഷത കൂടുതലായി ഉണ്ടാകണം. വാണിയോടൊപ്പം മനസ്സാ സേവനവും ചെയ്യൂ എങ്കിൽ നിങ്ങൾ കുറച്ച് സംസാരിച്ചാൽ മതിയാകും. സംസാരിക്കുന്നതിന് എത്ര ഊർജ്ജമാണോ വേണ്ടത് അത് മനസ്സാ സേവനത്തിന്റെ സഹയോഗം കാരണം വാക്കുകളുടെ ഊർജ്ജം ശേഖരിക്കപ്പെടുന്നു, മനസ്സാ സേവനം ശക്തിശാലിയായതിനാൽ കൂടുതൽ സഫലതയുടെ അനുഭവം ഉണ്ടാകുന്നു. ഇപ്പോൾ എത്രത്തോളം ശരീരം, മനസ്സ്, ധനം, സമയം അർപ്പിക്കുന്നുവൊ, അതിനേക്കാൾ കുറച്ച് സമയത്തിൽ കൂടുതൽ സഫലത ലഭിക്കും, സ്വയത്തെ പ്രതി പോലും ഇടയ്ക്ക് പ്രയത്നിക്കേണ്ടി വരുന്നുണ്ട്– തന്റെ സ്വഭാവത്തെ പരിവർത്തനപ്പെടുത്തുന്നതിന് അഥവാ സംഘഠനയിൽ മുന്നോട്ട് പോകുന്നതിന് അഥവാ സേവനത്തിൽ ഇടയ്ക്ക് സഫലത കുറയുന്നത് കണ്ട് നിരാശരാകുന്നു. ഇതെല്ലാം സമാപ്തമാകും. വലുതായി മാറുന്ന ചെറിയ ചെറിയ കാര്യങ്ങൾ, നിങ്ങൾ ജാലവിദ്യയാണെന്ന് ചിന്തിക്കുന്ന രീതിയിൽ അതെല്ലാം സമാപ്തമാകും. . ഇപ്പോൾ ജലവിദ്യ ഇഷ്ടമല്ലേ. അതിനാൽ ഈ അഭ്യാസം ജാലവിദ്യയുടെ മന്ത്രമായി മാറും. മന്ത്രമുള്ളയിടത്ത് വ്യത്യാസം പെട്ടെന്ന് ഉണ്ടാകുന്നു അതിനാലാണ് ജാലവിദ്യയുടെ മന്ത്രമെന്ന് പറയുന്നത്. അതു കൊണ്ട് പുതു വർഷത്തിൽ ജാല വിദ്യയുടെ മന്ത്രം ഉപയോഗിക്കൂ. ഈ നവീനത അഥവാ വിശേഷത കാണിക്കൂ, ജാലവിദ്യയുടെ മന്ത്രം എന്താണ്? മനസ്സാ വാചാ രണ്ടും മിലനം ചെയ്യിക്കൂ. രണ്ടിന്റെയും ബാലൻസ്, രണ്ടിന്റെയും മിലനം– ഇത് തന്നെയാണ് ജാല വിദ്യയുടെ മന്ത്രം. മനസ്സിൽ സദാ ശുഭ ഭാവന അഥവാ ശുഭമായ ആശീർവാദങ്ങൾ നല്കുന്നതിന്റെ സ്വാഭാവിക അഭ്യാസമുണ്ടാകുമ്പോൾ നിങ്ങലുടെ മനസ്സ് ബിസിയാകും. മനസ്സിൽ ഉണ്ടാകുന്ന ചഞ്ചലത സ്വതവേ തന്നെയില്ലാതാകും. തന്റെ പുരുഷാർത്ഥത്തിൽ ഒരിക്കലും നിരാശരാകില്ല. ജാലവിദ്യയുടെ മന്ത്രമായി മാറും. സംഘഠനയിൽ ഇടയ്ക്കിടയ്ക്ക് ഭയപ്പെടുന്നുണ്ട്. ചിന്തിക്കുന്നു– ഞാൻ പ്രതിജ്ഞയെടുത്തിരുന്നു– ബാബയും ഞാനും– എന്നാൽ, സംഘഠനയിലിരിക്കും എന്ന് പ്രതിജ്ഞയെടുത്തില്ലായിരുന്നു. ബാബ വളരെ നല്ലതാണ്, ബാബയോടൊപ്പം ഇരിക്കുന്നതും വളരെ നല്ലതാണ് എന്നാൽ സംഘഠനയിൽ സർവ്വരുടെയും സംസ്ക്കാരത്തെ മനസ്സിലാക്കി മുന്നോട്ട് പോകുക എന്നത് പ്രയാസമാണ്. പക്ഷെ ഇതും വളരെ സഹജമായി തീരും കാരണം മനസ്സിൽ നിന്നും, ഹൃദയത്തിൽ നിന്നും ഓരോ ആത്മാവിനെ പ്രതി ആശീർവാദങ്ങൾ, ശുഭ ഭാവന, ശുഭ കാമന ശക്തിശാലിയായത് കാരണം മറ്റുള്ളവരുടെ സംസ്ക്കാരം മുകളിലേക്ക് വരില്ല. അവർ നിങ്ങളോട് നേരിടാൻ വരില്ല, അത് പതുക്കെ പതുക്കെയില്ലാതാകും. പിന്നെ പറയും– എനിക്ക് 40 പേരുടെ കൂടെയും ജീവിക്കാൻ സാധിക്കും. ഈ വർഷം നാനാ ഭാഗത്തെയും, ദേശ വിദേശത്തെ കുട്ടികൾക്ക് ഓരോ സമയത്തെ നവീനത അഥവാ വിശേഷത സ്വയത്തിൽ കൊണ്ടു വരണം. ഇടയ്ക്കിടയ്ക്ക് ചിന്തിക്കാറില്ലേ– ഇപ്പോൾ 9 ലക്ഷം പൂർത്തിയായിട്ടില്ല. എന്നാൽ അവസാനം വരെ 33കോടി ദേവീ ദോവതമാരുണ്ട്– അതിനെക്കുറിച്ച് ചിന്തിക്കേണ്ട. 9 ലക്ഷം ശ്രേഷ്ഠരായ ആത്മാക്കളെയാണ് വേണ്ടത്. ആദ്യത്തെ രാജധാനിയിൽ ശ്രേഷ്ഠ ആത്മാക്കൾ വേണം. നല്ല നമ്പർവൺ പ്രജകളും ഉണ്ടാകണം കാരണം ഒന്ന്– ഒന്ന്–ഒന്ന് ആരംഭിക്കും. അവിടെയുള്ള വ്യക്തി, പ്രകൃതി, വൈഭവങ്ങൾ സർവ്വതും നമ്പർവൺ ആയിരിക്കും. അതിനാൽ ഇപ്പോൾ നമ്പർവണ്ണായ 9 ലക്ഷം പ്രജകളെ കൊണ്ടു വന്നോ? എത്ര ലക്ഷം തയ്യാറാക്കി? നിങ്ങൾ ഉണ്ടാക്കുന്ന റിപ്പോർട്ടിൽ ഇടയ്ക്കിടയ്ക്കുള്ളവരും ആഡ് ആകുന്നുണ്ടല്ലോ. എന്നാൽ ഇപ്പോൾ പകുതി പോലുമായിട്ടില്ല. നമ്പർവൺ പ്രജകളും കുറഞ്ഞത് ബാബയുടെ സ്നേഹത്തിന്റെ അനുഭവം തീർച്ചയായും ചെയ്തിരിക്കും. സഹയോഗിയായിരിക്കും, അത് ആദ്യത്തെ ചുവടാണ്. എന്നാൽ രണ്ടാമത്തെ ചുവടാണ് സഹയോഗി, സ്നേഹിയായി മാറും. സമർപ്പണമാകില്ല, അത് വേറെ കാര്യമാണ്. സദാ ബാബയോട് സ്നേഹമുണ്ടായിരിക്കണം. കേവലം പരിവാരം അഥവാ സഹോദരി – സഹോദരൻമാരുടെ സ്നേഹമല്ല. ഇപ്പോൾ ഇവിടെ വരെയെത്തി– ആരോടൊപ്പമാണോ സേവനം ചെയ്യുന്നത്, അവരെ പ്രതി സ്നേഹിയായി മാറു

ന്നു. എന്നാൽ ബാബയുടെ സ്നേഹത്തിന്റെ അനുഭവം ചെയ്യണം. അവരുടെയും ഹൃദയത്തിൽ നിന്ന് ബാബ എന്ന ശബ്ദം വരണം എങ്കിൽ പ്രജയായി മാറും. ബ്രഹ്മാവിന്റെ പ്രജ, ആദ്യം വിശ്വ മഹാരാജാവിന്റെ പ്രജയായി മാറും. ആരുടെ പ്രജയാണോ ആകേണ്ടത്, അവരുടെ സ്നേഹം ഇപ്പോൾ മുതലേ വേണമല്ലോ. ചിന്തിക്കുണ്ടല്ലോ– ഇനിയും വളരെ സേവനമുണ്ട്, അത് ഈ മനസ്സാ വാചാ ഒരുമിച്ചുള്ള സേവനത്തിൽ തീവ്രഗതിയുടെ സേവനത്തിന്റെ പ്രഭാവം കാണപ്പെടുന്നു. ആദ്യകാലത്തെ സേവനത്തേക്കാൾ ഇപ്പോഴത്തെ സേവനത്തെ തീവ്ര ഗതിയുടെ സേവനമെന്ന് പറയുന്നു. മുന്നോട്ട് പോകുന്തോറും തീവ്രഗതിയുടെ സേവനത്തിന്റെ അനുഭവം ചെയ്യും. ബാപ്ദാദ കുട്ടികളുടെ സേവനത്തിൽ സന്തുഷ്ടമാണ്. ഓരോരുത്തരുടെയും സേവനം കാണുമ്പോൾ ഓരോരുത്തരെ പ്രതി വളരെ സ്നേഹം ഉത്പന്നമാകുന്നു. ദേശ വിദേശത്തിൽ സേവനത്തിന്റെ അലകൾ നന്നായി കാണപ്പെടുന്നു. എത്രയോ ഗ്രാമങ്ങളിൽ നാല് ഭാഗത്തും സേവനം വ്യാപിച്ചു കൊണ്ടിരിക്കുന്നു. പരിശ്രമിക്കുന്നുണ്ട് എന്നാൽ സ്നേഹം കാരണം പരിശ്രമമായി അനുഭവപ്പെടുന്നില്ല. ഓടിയോടി സ്വയത്തെ ബിസിയാക്കി വയ്ക്കുന്നതിനുള്ള നല്ല യുക്തി രചിക്കുന്നുണ്ട്. ബാബയുടെ സ്നേഹവും സഹായവും അങ്ങനെ നടത്തിച്ചു കൊണ്ടിരിക്കുന്നു. ബാപ്ദാദ കുട്ടികളെ കണ്ട് സന്തോഷിക്കുന്നു– എത്ര സേവനമാണ് ചെയ്തു കൊണ്ടിരിക്കുന്നത്. എത്രത്തോളം ചെയ്തിട്ടുണ്ടോ വളരെ നല്ലത്. ഇപ്പോൾ തീവ്ര ഗതിയിലുള്ള സേവനത്തിനായി ബാബ കേൾപ്പിച്ച വിധിയിലൂടെ സേവനം ചെയ്താൽ ക്വാലിറ്റിയുള്ള ആത്മാക്കൾ സമീപത്ത് വരും, ഈ ക്വാലിറ്റിയുള്ള ആത്മാക്കൾ അനേകം പേർക്ക് നിമിത്തമായി മാറും. ഒന്നിൽ നിന്നും അനേകമായിട്ട് തീവ്ര ഗതിയിലുള്ള സേവനം നടക്കും. എന്നാൽ ക്വാലിറ്റിയുടെ സേവനത്തിൽ അവരെ നിമിത്തമാക്കുന്നിന് അഥവാ അവരുടെ ബുദ്ധിയെ ടച്ച് ചെയ്യുന്നതിന് തന്റെ മനസ്സ് വളരെ ശക്തിശാലിയായിരിക്കണം കാരണം ക്വാലിറ്റിയുള്ള ആത്മാക്കൾ വാക്കുകളിൽ ആദ്യമേ തന്നെ സമർത്ഥരായിരിക്കും എന്നാൽ അനുഭവത്തിൽ ശക്തിഹീനരാകുന്നു തീർത്തും ശൂന്യമാകുന്നു. അതിനാൽ ആര് ഏത് കാര്യത്തിൽ ശക്തിഹീനമാണോ, അവർക്ക് ആ കുറവ് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും, അനുഭവമുണ്ടാകുമ്പോൾ മനസ്സിലാക്കും– ഇവർ എന്നേക്കാൾ ഉയർന്നതാണ്. ഇല്ലായെങ്കിൽ ഇടയ്ക്കിടയ്ക്ക് മിക്സ് ചെയ്യുന്നു നിങ്ങൾ വളരെ നല്ലവരാണ്, സർവ്വരും നല്ലവരാണ്, നിങ്ങളെയും ഭഗവാൻ ആശീർവദിക്കട്ടെ. ഇത് പറഞ്ഞ് സമാപ്തമാക്കുന്നു. എന്നാൽ ഇവർ ആശീർവാദത്തിലൂടെയാണ് ജീവിക്കുന്നത്, പരമാത്മ ആശീർവാദത്തിലൂടെയാണ് ഇവരുടെ ജീവിതം പോകുന്നത്– ഈ അനുഭവം ചെയ്യിക്കണം. ഇപ്പോൾ കുറച്ച്–കുറച്ച് അഭിമാനം ഉണ്ടാകുന്നുണ്ട്. സ്വയത്തെ വലുതാണെന്ന് മനസ്സിലാക്കുന്നത് കാരണം ഇവർക്ക് ധൈര്യം നല്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. എന്നാൽ പിന്നീട് മനസ്സിലാക്കും ഇവരാണ് നമ്മുക്ക് ധൈര്യം നല്കുന്നതെന്ന്. ഇപ്പോൾ അങ്ങനെയുള്ള ജാലവിദ്യ കാണിക്കൂ. ഇപ്പോൾ വാണിയുടെ സേവനത്തിലൂടെ ഭൂമിയെ തയ്യാറാക്കി, ഭൂമിയെ ഉഴുത് തയ്യാറാക്കി. ഇത്രയും റിസൾട്ട് കണ്ടെത്തി. വിത്തും വിതച്ചു എന്നാൽ ഇപ്പോൾ ഈ ബീജത്തിന് പ്രാപ്തിയുടെ ജലം ആവശ്യമാണ്. അതിനാൽ ഫലം കണ്ടെത്തുന്നതിന്റെ അനുഭവം ചെയ്യും. മനസ്സാ ക്വാലിറ്റിയെ വർദ്ധിപ്പിക്കൂ എങ്കിൽ ക്വാലിറ്റി സമീപത്ത് വരും. ഇതിൽ ഡബിൾ സേവനമാണ്. സ്വയത്തിന്റെയും മറ്റുള്ളവരുടെയും. സ്വയത്തിന് വേണ്ടി പ്രത്യേകിച്ച് സേവനം ചെയ്യേണ്ടി വരുന്നില്ല. ഫലം പ്രാപ്തമാണ് അങ്ങനെയുള്ള സ്ഥിതി അനുഭവപ്പെടും. ഭാവിയിലെ പ്രാപ്തിയാണ് വിശ്വ രാജ്യം എന്നാൽ ഈ സമയത്തെ പ്രാപ്തിയാണ്– സദാ സ്വയം സർവ്വ പ്രാപ്തികളാൽ സമ്പന്നമായിരിക്കുക, സമ്പന്നമാക്കുക. ഈ സമയത്തെ പ്രാപ്തി വളരെ ശ്രേഷ്ഠമാണ്. ഭാവിയിലേത് ഗ്യാരന്റിയാണ്. ഭഗവാന്റെ ഗ്യാരന്റി ഒരിക്കലും മാറില്ല. അതിനാൽ അങ്ങനെ പുതു വർഷം ആഘോഷിക്കില്ലേ? ഏറ്റവും ആദ്യം സേവനം ആര് ആരംഭിക്കും? മധുബൻ. കാരണം മധുബനിലുള്ളവരെ കുറിച്ച് പറയാറുണ്ട്– അകത്തുമാണ്, ബാബയുടെ ഹൃദയത്തിലുമാണ്, പരിധിയില്ലാത്ത ഭണ്ഡാരിയിൽ നിന്നും സദാ ബ്രഹ്മാഭോജനം കഴിക്കുന്നവർ. ഈ സമയത്ത് നിങ്ങളെല്ലാവരും മധുബനിലാണിരിക്കുന്നത്, മധുബൻ നിവാസികളാണ്, നിങ്ങളോട് മേൽവിലാസം ആരെങ്കിലും ചോദിക്കുകയാണെങ്കിൽ നിങ്ങളുടെ സ്ഥിരമായ മേൽവിലാസം ഏതാണ്? മധുബൻ എന്നല്ലേ പറയൂ. അതോ നിങ്ങൾ താമസിക്കുന്ന സ്ഥലമാണോ മേൽവിലാസം? ബ്രഹ്മാകുമാർ/കുമാരി അർത്ഥം സ്ഥിരമായ മേൽവിലാസം ഒന്ന് തന്നെയാണ്.. ബാക്കി അവിടെ സേവനത്തിനായി അയച്ചിരിക്കുകയാണ്. നമ്മൾ വിദേശിയാണ് എന്നൽ നമ്മൾ ബ്രാഹ്മണരാണ്, ബാബ സേവനത്തിനായി അവിടെ അയച്ചിരിക്കുന്നു. ബാബയുടെ സങ്കല്പത്തിലൂടെ അവിടെയെത്തി ചേർന്നിരിക്കുന്നു. രാജ്യം ഭരിക്കുന്നത് ഭാരതത്തിലായിരിക്കുമോ അതോ ലൺഡനിലാണോ? ഞാൻ വിദേശത്ത് ജനിച്ചിരിക്കുന്നതിനാൽ ഞാൻ അവിടത്തേതാണ് എന്ന് ഒരിക്കലും ചിന്തിക്കരുത്. ബ്രഹ്മാവിലൂടെയാണ് ജനിച്ചത് അല്ലാതെ വിദേശത്തല്ല. ഇല്ലായെങ്കിൽ വിദേശ കുമാരി, വിദേശ കുമാരൻ എന്ന് പറയപ്പെടണം. ബ്രഹ്മാകുമാർ/കുമാരിയല്ലേ. ഏതുപോലെ ഭാരതത്തിൽ ചിലർ യു പിയിലാണ്, ചിലർ ദില്ലിയിലും. അതേപോലെ നിങ്ങളും വിദേശത്ത് സേവനാർത്ഥമാണ് പോയിരിക്കുന്നത്. വിദേശിയേയല്ല. ഈ ലഹരിയുണ്ടല്ലോ. അത് സേവാസ്ഥാനമാണ്, ജന്മസ്ഥാനം മധുബൻ ആണ്. ആ കർമ്മകണക്ക് സമാപ്തമായതിനാലാണ് ബ്രാഹ്മണനായത്. കണക്കും കഴിഞ്ഞു, കണക്കിന്റെ

പുസ്തകവും കത്തി പോയി. ഗവൺമെന്റിൽ നിന്നും രക്ഷപ്പെടാൻ പുസ്തകങ്ങൾ കത്തിച്ചു കളയാറുണ്ടല്ലോ. അതിനാൽ പഴയ കണക്ക് സമാപ്തമാക്കിയില്ലേ. ചില സമർത്ഥരായിട്ടുള്ളവർ തന്റെ മുഴുവൻ കണക്കിനെയും സമാപ്തമാക്കുന്നു, അല്ലാത്തവർ എവിടെയെങ്കിലും കടത്തിൽ കുടുങ്ങി പോകുന്നു, കടം മേടിച്ചിതില് കുടുങ്ങുന്നു. സമർത്ഥരായിട്ടുള്ളവർ ഒരിക്കലും കുടുങ്ങിയിരിക്കില്ല. അതിനാൽ കണക്കിന്റെ പുസ്തകം സമാപ്തം അർത്ഥം യാതൊരു കടവുമില്ല, സർവ്വ കണക്കും ക്ലിയറായി. ഏറ്റവും നല്ല രീതി സമ്പ്രദായം ബ്രാഹ്മണരുടേതാണ്. ശരി.

നാനാഭാഗത്തുമുള്ള സേവനത്തിലെ സമീപത്തുള്ള സർവ്വ സാഥികൾക്ക്, സർവ്വ ധൈര്യശാലികളായ ബാബയുടെ സഹായത്തിന് പാത്രരായ ആത്മാക്കൾക്ക്, സദാ മനസ്സാ, വാചാ- ഡബിൾ സേവനം ഒപ്പത്തിനൊപ്പം ചെയ്യുന്ന തീവ്രഗതിയിലുള്ള സേവാധാരികൾക്ക്, സദാ ബാബയ്ക്ക് സമാനമായ സർവ്വ ആത്മാക്കൾക്ക് ആശീർവാദം നല്കുന്ന മാസ്റ്റർ സത്ഗുരുവായ കുട്ടികൾക്ക്, സദാ സ്വയത്തിൽ സദാ നവീനത അഥവാ വിശേഷത കൊണ്ടു വരുന്ന സർവ്വ ശ്രേഷ്ഠരായ ആത്മാക്കൾക്ക് ബാപ്ദാദയുടെ സ്നേഹസ്മരണയും നമസ്തേ.

## വരദാനം- കുറച്ച് സമയത്തിനുള്ളിൽ സമ്പൂർണ്ണതയുടെ ശ്രേഷ്ഠമായ ലക്ഷ്യത്തെ പ്രാപ്തമാക്കുന്ന ഡബിൾ ലൈറ്റായി ഭവിക്കട്ടെ.

ഡബിൾ ലൈറ്റ് സ്ഥിതി തീവ്രഗതിയുടെ പുരുഷാർത്ഥത്തിന്റെ ലക്ഷണമാണ്, അവർക്ക് യാതൊരു പ്രകാരത്തിലുമുള്ള ഭാരം അനുഭവപ്പെടില്ല. പ്രകൃതിയിലൂടെ അഥവാ വ്യക്തികളിലൂടെ, ഏതെങ്കിലും പരിതസ്ഥിതികളിലൂടെ വന്നാലും ഓരോ പരിതസ്ഥിതി സ്വസ്ഥിതിയുടെ മുന്നിൽ ഒന്നും തന്നെയായി അനുഭവപ്പെടില്ല. ഡബിൾ ലൈറ്റ് അർത്ഥം ഉയർന്നിരിക്കുന്നതിനാൽ ഏതൊരു പ്രകാരത്തിലുമുള്ള പ്രഭാവം, പ്രഭാവിതമാക്കില്ല. താഴെ നടക്കുന്ന കാര്യങ്ങളിൽ നിന്നും, താഴെയുള്ള അന്തരീക്ഷത്തിൽ നിന്നും ഉപരിയായിരിക്കുന്നതിലൂടെ കുറച്ച് സമയത്തിനുള്ളിൽ സമ്പൂർണ്ണമാകുന്നതിന്റെ ശ്രേഷ്ഠമായ ലക്ഷ്യത്തെ പ്രാപ്തമാക്കും.

## സ്ലോഗൻ- ദുഃഖധാമിൽ നിന്നും വേറിട്ടിരിക്കൂ എങ്കിൽ ദുഃഖത്തിന്റെ അലകൾക്ക് സമീപത്ത് വരാൻ സാധിക്കില്ല.

**ലവ്ലീൻ(സ്നേഹത്തിൽ ലയിച്ച) സ്ഥിതിയുടെ അനുഭവം ചെയ്യൂ-** നിങ്ങൾ ലവ്ലീൻ കുട്ടികളുടെ സംഘഠന തന്നെയാണ് ബാബയെ പ്രത്യക്ഷമാക്കുന്നത്. സംഘഠിത രൂപത്തിൽ അഭ്യാസം ചെയ്യൂ, ഞാൻ ബാബയുടേതാണ്, ബാബ എന്റേതാണ്. സർവ്വ സങ്കല്പങ്ങളെയും ഈയൊരു ശുദ്ധമായ സങ്കല്പത്തിൽ ഉൾക്കൊള്ളൂ. ഒരു സെക്കന്റ് പോലും ഈ ലവ്ലീൻ അവസ്ഥയിൽ നിന്നും താഴെക്ക് വരരുത്.